പൊതു വിദ്യാഭ്യാസ വകുപ്പ് - ഡയറ്റ് എറണാകുളം

'വൈഭവം 2021'

**എസ്.എസ്.എൽ.സി പരീക്ഷ അക്കാദമിക പിന്തുണ**

**കേരളപാഠാവലി**

T 1

സമയം : 45 മിനിറ്റ്

സ്കോർ : 20

പൊതുനിർദ്ദേശങ്ങൾ

- താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 20 സ്കോർ ആയിരിക്കും.
- ഉത്തരമെഴുതുമ്പോൾ സ്കോർ,സമയം എന്നിവ പരിഗണിക്കണം.

1. ''എനിക്കതിനെ വിശ്വാസമില്ല. ഇത് ആര്യപുത്രൻ തന്നെ ധരിച്ചാൽ മതി''.- എന്തിനെയാണ് വിശ്വാസമില്ലാത്തത്?

(സർവ്വദമനൻ അണിഞ്ഞിരിക്കുന്ന രക്ഷ, രാജാവിന്റെ മുദ്രമോതിരം, സർവ്വദമനനോടൊപ്പം കളിക്കുന്ന സിംഹബാലൻ, ദുഷ്ഷന്തന്റെ വാക്കുകൾ) (സ്കോർ 1)

2. ''ആ രണ്ടു വെള്ളിവിളക്കുകാലുകളുമെടുത്ത് ഴാങ് വാൽ ഴാങിനു കൊണ്ടുവന്നുകൊടുത്തു''. 'വെള്ളിവിളക്കുകാലുകൾ' എന്ന പദം വിഗ്രഹിച്ചെഴുതിയാൽ?

(വെള്ളിയും വിളക്കുകാലുകളും, വെള്ളിയാകുന്ന വിളക്കുകാലുകൾ, വെള്ളികൊണ്ടുള്ള വിളക്കുകാലുകൾ, വെള്ളിപോലുള്ള വിളക്കുകാലുകൾ) (സ്കോർ 1)

3. ''ഭവതിയുടയ പുത്രന്നെന്നുമേ പോരിൽ മുമ്പൻ;
ഭുവനഭരണകർത്താ ഹന്ത! ദുഷ്ഷന്തനീയാൾ;'' - ഈ വരികളിൽ തെളിയുന്ന കാവ്യപരമായ സവിശേഷതകൾ കണ്ടെത്തുക. (രണ്ടെണ്ണം) (സ്കോർ 2)

4. ചഞ്ചലമായിരിക്കുന്ന ആലയ സംഗമത്തെ എഴുത്തച്ഛൻ എന്തിനോടെല്ലാമാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്? (സ്കോർ 2)

5. പ്രയോഗഭംഗി വ്യക്തമാക്കുക.
''ഒരു ഗുഹയിൽനിന്നു പുറപ്പെടുന്ന കാറ്റിന്റെ ഇരമ്പിച്ചയോടുകൂടി, അയാളുടെ മാറിടത്തിൽനിന്നു ശ്വാസാവേഗം തള്ളിവന്നു.'' (സ്കോർ 2)

6. ''കുരിശിൽ കിടന്ന് പ്രാണൻ പിടയുമ്പോൾ പിതാവേ! ഇവർ ചെയ്യുന്നതെന്തെന്ന് ഇവരറിയുന്നില്ല, ഇവരോട് പൊറുക്കേണമേ!... '' - എന്ന് ക്രിസ്തു പ്രാർത്ഥിച്ചത് അന്ന അറിയാതെ ഓർത്തുപോയി.
- പാഠസന്ദർഭം ദസ്തയേവ്സ്കിയുടെ ജീവിതവുമായി എപ്രകാരം ചേർന്നു പോകുന്നു? (സ്കോർ 2)

7. ''സർവ്വദമനൻ എന്നു മഹർഷിമാർ നിനക്കു പേരിട്ടത് ശരിതന്നെ.'' - താപസി സർവ്വദമനനെക്കുറിച്ച് ഇങ്ങനെ പറയാനിടയായ സാഹചര്യം വിശദമാക്കുക. പേരിനു ചേർന്ന പ്രവൃത്തിയാണോ സർവ്വദമനൻ ചെയ്തത്? നിങ്ങളുടെ അഭിപ്രായം എഴുതുക. (സ്കോർ 4)

8. വെള്ളി സാമാനങ്ങൾ നഷ്ടപ്പെട്ടതറിഞ്ഞ മദാം മഗ്ളാറിന്റെയും മോൺസിന്യേർ ബിയാങ്വെന്യുവിന്റെയും പ്രതികരണം താരതമ്യം ചെയ്ത് കുറിപ്പു തയ്യാറാക്കുക. (സ്കോർ 4)

9. ലഘൂപന്യാസം തയ്യാറാക്കുക (സ്കോർ 6)

- ◆ അതിപരിചിതമായ ദൃശ്യം, അസാധാരണമായ ഭാഷ
- ◆ ഗുരുസ്ഥാനത്തുനിന്ന് പറയാനുള്ള ശേഷി (പ്രബോധനാത്മകത)
- ◆ മനുഷ്യാവസ്ഥയെക്കുറിച്ചുള്ള തികഞ്ഞ ജ്ഞാനം

- എഴുത്തച്ഛന്റെ കാവ്യരീതിയുമായി ബന്ധപ്പെട്ട ചില നിരീക്ഷണങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ലക്ഷ്മണസാന്ത്വനം എന്ന കവിതാഭാഗത്തു നിന്ന് ഉചിതമായ സന്ദർഭങ്ങൾ കണ്ടെത്തി ലഘൂപന്യാസം തയ്യാറാക്കുക.

10. കഥാപാത്രനിരൂപണം തയ്യാറാക്കുക. (സ്കോർ 6)
''ഞാൻ യജ്ഞം ചെയ്തു. ഭരിക്കേണ്ടവരെ ഭരിച്ചു. ഭൂമിയടക്കി വാണു. ശത്രുക്കളുടെ തലയിൽ കാൽ വച്ചു. - ആർക്കുള്ളൂ എന്റേതിനേക്കാൾ നല്ല അവസാനം''
''എന്റെ സഹോദരി, ദുശ്ശള, അവളുടെ ഭർത്താവും സഹോദരന്മാരും മരിച്ചതു കേട്ടു കരഞ്ഞുകരഞ്ഞ് എന്താവുമോ, ആവോ?'' - (യുദ്ധത്തിന്റെ പരിണാമം)
മുകളിൽ നൽകിയ സൂചനകൾ പ്രയോജനപ്പെടുത്തി ദുര്യോധനൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

-000-